ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം NDPS ആക്ട് പ്രകാരം 4694 കേസുകൾ സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) NDPS ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിലെ 6 വിദേശികൾ പ്രതികളായി ഉൾപ്പെട്ടിട്ടുണ്ട്. ഇവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

കൊലപാതകങ്ങളുടെ വിശദാംശം

178(182) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) ഇതിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ച കേസ്സുകളെത്ര; ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിക്കാത്ത കേസ്സുകളെത്ര ; വ്യക്തമാക്കാമോ ;

(സി) ഗുണ്ടാ ആക്രമണം, മാഫിയാ ആക്രമണം, മതസ്പർദ്ധ, ധനാപഹരണം ഇവയുമായി ബന്ധപ്പെട്ട് എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ 1492 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇതിൽ 1115 കേസുകളുടെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു. ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിക്കാത്ത 45 കേസുകളുണ്ട്.

(സി) ഗുണ്ടാ ആക്രമണവുമായി ബന്ധപ്പെട്ട് 10 പേരും മതസ്പർദ്ധയുമായി ബന്ധപ്പെട്ട് 3 പേരും ധനാപഹരണവുമായി ബന്ധപ്പെട്ട് 80 പേരും കൊല്ലപ്പെട്ടിട്ടുണ്ട്. മാഫിയ ആക്രമണവുമായി ബന്ധപ്പെട്ട് ആരുതന്നെ കൊല്ലപ്പെട്ടിട്ടില്ല.

നാടുകടത്തപ്പെട്ടവർ

179 (183) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജാമ്യവ്യവസ്ഥയനുസരിച്ച് സ്വന്തം വീട്ടിൽ ആഭ്യന്തരവും വിജിലൻസും പ്രവേശിക്കാൻ കഴിയാതെ നാടുകടത്തപ്പെട്ടവർ എത്രയുണ്ടെന്ന് വെളിപ്പെടുത്താമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരക്കാർക്ക് പുറത്ത് താമസിക്കാൻ വീടും ചെലവും നൽകണമെന്ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ ;

(സി) സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാടുകടത്തപ്പെട്ട ആർക്കെല്ലാം പോലീസ് ചെലവിന് കൊടുക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) ജാമ്യം നൽകുന്നതിനെ എതിർത്ത പോസീസ്, നാടുകടത്തപ്പെട്ടതിന് ശേഷം അങ്ങനെയുള്ളവർ താമസിക്കുന്നത് എവിടെയാണെന്നോ അവർ ജീവിക്കുന്നത് എങ്ങിനെയാണെന്നോ അന്വേഷിക്കാറുണ്ടോ ?

ഉത്തരം

(എ) 165 പേർ.

(ബി) ഇത്തരം വിധി പ്രസ്താവിച്ചതായി അറിവായിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നാടുകടത്തപ്പെട്ടതിനുശേഷം അങ്ങനെയുള്ളവരുടെ പുതിയ മേൽവിലാസവും അവരുടെ പ്രവർത്തനവും ബന്ധപ്പെട്ട എസ്.എച്ച്.ഒ.-മാർ അന്വേഷിച്ച് വിവരം ശേഖരിച്ചുവരുന്നു.

ഐ.ജി. ടി.ജെ. ജോസിനെതിരെയുള്ള കോപ്പിയടി ആരോപണം

180 (184) ശ്രീ. എം. എ. ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) എം.ജി. സർവ്വകലാശാലയുടെ എൽ.എൽ.എം പരീക്ഷയിൽ കോപ്പിയടി നടത്തിയെന്ന് ആരോപണ വിധേയനായ ഐ.ജി. ടി. ജെ. ജോസ് നിലവിൽ സർവ്വീസിൽ ഉണ്ടോ ; ഇദ്ദേഹത്തിനെതിരെ സ്വീകരിച്ച ശിക്ഷണ നടപടികൾ വിശദമാക്കാമോ ;

(ബി) സംഭവം അന്വേഷിച്ച എ.ഡി.ജി.പി. ശങ്കർ റെഡ്ഡിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണ് ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) കോപ്പിയടിച്ചു എന്ന് പറയപ്പെടുന്ന ഐ.ജി. ടി. ജെ. ജോസിന്റെ വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ചും, പി.എസ്.സി. സെലക്ഷൻ സംബന്ധിച്ചും അന്വേഷണം നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly